<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 152

28.11.2018-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## <u>അട്ടപ്പാടിയിലെ ആദിവാസി യുവാവിന്റെ കൊലപാതകം</u>

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | അട്ടപ്പാടിയിലെ ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്ക് ഉണ്ടെന്ന പരാതിയിൽ നടത്തിയ അന്വേഷണവും കണ്ടെത്തലും വിശദമാക്കുമോ; | (എ) | ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി പരാതി-യൊന്നും ലഭിച്ചിട്ടില്ലാത്തതും പോലീസ് അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി വെളി-വായിട്ടില്ലാത്തതുമാണ്. കൂടാതെ, വനം വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആർക്കും തന്നെ ടി മരണവുമായി യാതൊരു ബന്ധവും ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | മുക്കാലിയിൽ മധുവിനെ കാട്ടിൽ നിന്നും പിടിച്ച ശേഷം നാട്ടുകാർ വിചാരണ ചെയ്തത് ഫോറസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പ് നടത്തിയ അന്വേഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അറിവോടെയോ, അവരുടെ സാന്നിദ്ധ്യ-ത്തിലോ മധുവിനെ ഉപദ്രവിച്ചതായി കണ്ടെത്തിയിട്ടില്ല. |
| (സി) | പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിരുന്നോ; ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ; | (സി)<br>&<br>(ഡി) | അഡ്വ.പി.ഗോപിനാഥിനെ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറായി നിയമിച്ചിരുന്നു. എന്നാൽ ശ്രീ.പി.ഗോപിനാഥ് നിലവിലുള്ള സർക്കുലർ പ്രകാരം നൽകിയ സമ്മത പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ കേസ് ഏറ്റെടുക്കാൻ സാധ്യമല്ല എന്ന്, നിയമന ഉത്തരവ് പുറപ്പെടുവിച്ച ശേഷം അറിയിക്കുകയും ശ്രീ.പി.ഗോപിനാഥ് സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആയി നിയമനം |
| (ഡി) | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ ഒഴിവാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാതിരിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ ശ്രീ.പി.ഗോപിനാഥിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും മണ്ണാർകാട് എസ്.സി/എസ്.റ്റി പ്രത്യേക കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ കേസ് നടത്തിപ്പ് ഏൽപ്പിക്കുകയും ചെയ്തു. ഈ കേസിൽ ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ